# ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**[സാന്നിദ്ധ്യം: അബുൽകലാം.എം]**

വിഷയം: തൊഴിൽ വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

വായന:
1. സർക്കാർ ഉത്തരവ് നമ്പർ. 07/2016/ഫിൻ തീയതി:20.01.2016
2. ഈ ആഫീസിൽ നിന്നുള്ള 09.07.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. ലേബർ കമ്മീഷണറുടെ 17.10.2019 തീയതിയിലെ ഇ(1)8926/2017 നമ്പർ ഉത്തരവ്

---

**ഉത്തരവ് നമ്പർ. ഇ(7) 20239/2018** **തിരുവനന്തപുരം, തീയതി: 23/10/2019**

---

തൊഴിൽ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-ന് ബഹു.ലേബർ കമ്മീഷണറുടെ പേഴ്സണൽ അസിസ്റ്റന്റായി 18.10.2019 പൂർവ്വാഹനത്തിൽ സ്ഥാനക്കയറ്റം ലഭിച്ചതു മുഖേന തൊഴിൽ വകുപ്പിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒരു ഒഴിവിലേക്കും തുടർന്ന് സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I എന്നീ തസ്തികകളിലുണ്ടായ ഒഴിവുകളിലേയ്ക്കും താഴെപ്പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

| നം | സ്ഥാനക്കയറ്റം നൽകപ്പെടുന്ന ജീവനക്കാരുടെ പേരും തസ്തികയും ഓഫീസും | സ്ഥാനക്കയറ്റം നൽകുന്ന തസ്തികയും ശമ്പള സ്കെയിലും | സ്ഥാനക്കയറ്റം നൽകുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീമതി. Z.M. റുഖിയ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, ലേബർ കോടതി, കോഴിക്കോട് | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് (39500-83000) | **18.10.2019** | സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.സി.എസ്. ശ്രീലത-ക്ക് ബഹു.ലേബർ കമ്മീഷണറുടെ പേഴ്സണൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ചതു മുഖേന 18.10.2019 ൽ ഉണ്ടായ ഒഴിവ് |
| 2. | ശ്രീമതി. നിഷ.റ്റി.എം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I ലേബർ കോടതി, കണ്ണൂർ | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് (30700-65400) | **18.10.2019** | ശ്രീമതി. Z.M.റുഖിയ, സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ചതു മുഖേന ഉണ്ടായ ഒഴിവ് |
| 3. | ശ്രീമതി. അനിഷ.എസ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, തിരുവനന്തപുരം | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I (27800-59400) | **18.10.2019** | ശ്രീമതി. നിഷ.റ്റി.എം. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ആയത് മുഖേന ഉണ്ടായ ഒഴിവ് |

കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ജോലിയുടെ സ്വഭാവത്തിൽ മാറ്റം ഇല്ലാത്തതിനാൽ സ്ഥാനകയറ്റം ലഭിക്കുന്ന തീയതി മുതൽ സാമ്പത്തിക ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

നിയന്ത്രണ അധികാരികൾ ഉത്തരവ് നടപ്പിലാക്കി ബന്ധപ്പെട്ടവരുടെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക്**
**(വെബ്സൈറ്റ്/ഇമെയിൽ മുഖാന്തിരം)**

പകർപ്പ്

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) പ്രിസൈഡിംഗ് ഓഫീസർ, ലേബർ കോടതി, കണ്ണൂർ (ആമുഖ കത്ത് സഹിതം)
3) ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, കോഴിക്കോട്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) പി.എ റ്റു ലേബർ കമ്മീഷണർ
5) അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ & ഡബ്ല്യൂ)
6) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
7) സീനിയർ സൂപ്രണ്ട് (ഇ&ഐ)
8) ജൂനിയർ സൂപ്രണ്ട് (എ, ഇ & പി)
9) വെബ്സൈറ്റ്
10) ഫയൽ/സ്റ്റോക്ക് ഫയൽ.

അംഗീകാരത്തോടെ,
Rajan
**ജൂനിയർ സൂപ്രണ്ട് (ഇ)**

എസ്.ടി